**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1349** **03.10.2016-ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് സമാധാന അന്തരീക്ഷം**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. കെ. ശശി | പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) കഴിഞ്ഞ സർക്കാർ കാലയളവിൽ ഭീകര പ്രവർത്തനം, മതമൗലികവാദം, സ്ത്രീകളെയും കുട്ടികളെയും കാണാതാകൽ അവർക്കെതിരെയും വൃദ്ധരുടെയും മേലുള്ള അതിക്രമങ്ങൾ, ഓൺലൈൻ ഉൾപ്പെടെ പെൺവാണിഭം എന്നിവ വഴിയുള്ള കൊലപാതകങ്ങൾ എന്നിവ വർദ്ധിച്ചിരുന്നതായ ആക്ഷേപം ഈ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ആക്ഷേപം നിലനിന്നിരുന്നു. |
| (ബി) എങ്കിൽ കഴിഞ്ഞ സർക്കാർ കാലയളവിലെ ഇതിന്റെ തോത് പോലീസ് നിരീക്ഷണത്തിൽ എത്രയായിരുന്നു എന്നും ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര എന്നും വ്യക്തമാക്കുമോ; | (ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) ഇവ നിയന്ത്രിക്കാനും സംസ്ഥാനത്ത് സമാധാന അന്തരീക്ഷം ഉറപ്പുവരുത്താനും സർക്കാർ സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ? | (സി) സ്ത്രീകൾക്കെതിരെയും കുട്ടികൾക്കെതിരെയും ഉണ്ടാകുന്ന അതിക്രമങ്ങൾ ഫലപ്രദമായി നേരിടുന്നതിനും ചെറുക്കുന്നതിനും അതുവഴി അവരുടെ സുരക്ഷ ഉറപ്പാക്കുന്നതിനും കേന്ദ്ര സർക്കാർ നിർഭയ പദ്ധതി നടപ്പാക്കിയതിനെ തുടർന്ന് സംസ്ഥാന സർക്കാർ ആരംഭിച്ച "നിർഭയ കേരളം സുരക്ഷിത കേരളം" പദ്ധതി പ്രകാരമുള്ള എല്ലാ കാര്യങ്ങളും ഫലപ്രദമായി നടപ്പിലാക്കുന്നതിന് സർക്കാർ നടപടിയെടുത്തുവരുന്നു. കൂടാതെ എസ്.സി./ എസ്.ടി. വിഭാഗങ്ങളിലെ സ്ത്രീകളുടെ സുരക്ഷക്കായുള്ള പദ്ധതിയും നടപ്പിലാക്കുന്ന തിനുള്ള നടപടിയെടുക്കുന്നതാണ്.<br><br>സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി ജനമൈത്രി പദ്ധതിയുടെ ഭാഗമായി, സ്ത്രീസുരക്ഷ, സ്വയം പ്രതിരോധ പരിശീലന പരിപാടികൾ നടത്തി വരുന്നു. കോളേജുകൾ, സ്കൂൾ, റസിഡൻസ് അസോസിയേഷൻ, |

കുടുംബശ്രീ യൂണിറ്റ് എന്നിവയുമായി ഒത്തൊരുമിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ പോലീസ് വനിതാസെൽ നൽകി വരുന്നുണ്ട്.

കൂടാതെ വനിതാ ഹെൽപ്പ് ലൈൻ, വനിതാ പോലീസ് സ്റ്റേഷൻ എന്നിവ കാര്യക്ഷമമായി പ്രവർത്തിച്ച് വരുന്നതും സ്ത്രീകൾക്കും കുട്ടികൾക്കും ഏതു സമയവും സഹായത്തിനും സംരക്ഷണത്തിനുമായി 1098, 1091 എന്നീ ഹെൽപ്പ് ലൈൻ നമ്പറുകൾ 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നതും അവർക്കു വേണ്ട സുരക്ഷാസഹായങ്ങൾ നൽകിവരുന്നതുമാണ്.

സ്ത്രീകൾക്കെതിരായുള്ള അതിക്രമങ്ങൾ തടയുന്നതിന് പൊതുജനങ്ങൾക്കിടയിൽ അവബോധം വളർത്തുന്നതിനായി ബോധവൽക്കരണ ക്ലാസുകളും സെമിനാറുകളും സംഘടിപ്പിച്ചും ബീറ്റ് പട്രോൾ തുടങ്ങി വിവധതരം പട്രോളിങ്ങുകൾ ശക്തമാക്കി പൊതുസ്ഥലങ്ങളിൽ പോലീസ് സാന്നിധ്യം ഉറപ്പാക്കി സ്ത്രീ സുരക്ഷ ഉറപ്പാക്കിവരുന്നു. കൂടാതെ കുറ്റക്കാർക്കെതിരായി കർശന നിയമനടപടികൾ സ്വീകരിച്ച് വരുന്നു.

(signature)

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

| കേസ്സുകളുടെ എണ്ണം | |
|---|---|
| കഴിഞ്ഞ സർക്കാരിന്റെ കാലയളവിലുള്ള ഭീകര പ്രവർത്തനം | 0 |
| ഈ സർക്കാരിന്റെ കാലയളവിലുള്ള ഭീകര പ്രവർത്തനം | 0 |
| കഴിഞ്ഞ സർക്കാരിന്റെ കാലയളവിലുള്ള മതമൗലികവാദം | 0 |
| ഈ സർക്കാരിന്റെ കാലയളവിലുള്ള മതമൗലികവാദം | 1 |
| കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ സ്ത്രീകൾക്കെതിരായുള്ള അതിക്രമങ്ങൾ | 66698 |
| ഈ സർക്കാരിന്റെ കാലയളവിൽ സ്ത്രീകൾക്കെതിരായുള്ള അതിക്രമങ്ങൾ | 4794 |
| കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ കുട്ടികൾക്കെതിരായുള്ള അതിക്രമങ്ങൾ | 9196 |
| ഈ സർക്കാരിന്റെ കാലയളവിൽ കുട്ടികൾക്കെതിരായുള്ള അതിക്രമങ്ങൾ | 868 |
| കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ വൃദ്ധർക്കെതിരായുള്ള അതിക്രമങ്ങൾ | 1385 |
| ഈ സർക്കാരിന്റെ കാലയളവിൽ വൃദ്ധർക്കെതിരായുള്ള അതിക്രമങ്ങൾ | 129 |
| കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ഓൺലൈൻ പെൺവാണിഭം | 2 |
| ഈ സർക്കാരിന്റെ കാലയളവിൽ ഓൺലൈൻ പെൺവാണിഭം | 1 |
| കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ മറ്റുള്ള പെൺവാണിഭം | 13 |
| ഈ സർക്കാരിന്റെ കാലയളവിൽ മറ്റുള്ള പെൺവാണിഭം | 2 |
| കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ കൊലപാതകങ്ങൾ | 1599 |
| ഈ സർക്കാരിന്റെ കാലയളവിൽ കൊലപാതകങ്ങൾ | 92 |
| കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പെൺവാണിഭം വഴിയുള്ള കൊലപാതകങ്ങൾ | 0 |
| ഈ സർക്കാരിന്റെ കാലയളവിൽ പെൺവാണിഭം വഴിയുള്ള കൊലപാതകങ്ങൾ | 0 |

| | |
|---|---|
| കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ കാണാതായ സ്ത്രീകളുടെ എണ്ണം (പെൺകുട്ടികൾ ഒഴികെ) | 16315 |
| ഈ സർക്കാരിന്റെ കാലയളവിൽ കാണാതായ സ്ത്രീകളുടെ എണ്ണം (പെൺകുട്ടികൾ ഒഴികെ) | 1246 |
| കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ കാണാതായ കുട്ടികളുടെ എണ്ണം | 6286 |
| ഈ സർക്കാരിന്റെ കാലയളവിൽ കാണാതായ കുട്ടികളുടെ എണ്ണം | 431 |

സെക്ഷൻ ഓഫീസർ